**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3750** **15-07-2022 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കട മണ്ഡലത്തിൽ ഐ.ടി. പാർക്ക്**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ ഐ ബി സതീഷ്** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | കാട്ടാക്കട നിയോജക മണ്ഡലത്തിൽ മാറനല്ലൂർ പഞ്ചായത്ത് കേന്ദ്രമായി ഐ.ടി. പാർക്ക് ആരംഭിക്കുന്നതിന് 2021-22 വർഷത്തെ ബഡ്ജറ്റിൽ എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്; പ്രസ്തുത നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ? | (എ) | കാട്ടാക്കട നിയോജക മണ്ഡലത്തിൽ മാറനല്ലൂർ പഞ്ചായത്ത് കേന്ദ്രമായി ഐ.ടി. പാർക്ക് ആരംഭിക്കുന്നതിന് 2021-22 വർഷത്തെ ബഡ്ജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിരുന്നു.<br><br>സർക്കാർ ഈ വിഷയം പരിശോധിക്കുകയുണ്ടായി. തിരുവനന്തപുരം ജില്ലയിൽ ടെക്നോപാർക്കിന്റെ തെക്കായി ഏകദേശം 35 കിലോമീറ്റർ ദൂരത്ത് സ്ഥിതിചെയ്യുന്നതും NH 66 ൽ നിന്നും നേരിട്ട് പ്രവേശനം ഇല്ലാത്തതുമായ മാറനല്ലൂർ പഞ്ചായത്ത് നിർദ്ദിഷ്ട തിരുവനന്തപുരം - കൊല്ലം ഐ.ടി. ഇടനാഴിയുടെ പരിധിയിൽ വരുന്നതല്ലാത്തതിനാലും തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം മാറനല്ലൂരിൽ നിന്നും 22 കിലോമീറ്റർ അകലെയായതിനാലും മാറനല്ലൂർ പഞ്ചായത്ത് മിനി ഐ.ടി. പാർക്ക് സ്ഥാപിക്കുവാൻ അനുയോജ്യമല്ല. മാറനല്ലൂർ പഞ്ചായത്തിനോ അല്ലെങ്കിൽ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ഏതെങ്കിലും സ്വകാര്യ ഏജൻസിക്കോ ലീഡ് പാർട്ണറായി പ്രവർത്തിക്കുവാൻ കഴിയുമെങ്കിൽ പ്രസ്തുത പഞ്ചായത്തിൽ ഐ.ടി./ഐ.ടി.ഇ.എസ്. സംരംഭങ്ങൾക്കനുയോജ്യമായ വർക്ക് നിയർ ഹോം സൗകര്യങ്ങൾ സജ്ജമാക്കുന്നതിലേയ്ക്ക് പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ